വെള്ളായണി കാർഷികകോളേജിന്റെ വക തെങ്ങിൻ തൈകൾക്കുണ്ടായ നഷ്ടം

1233 [1676] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പേമാരിയുടെയും വെള്ളപ്പൊക്കത്തിന്റെയും ഫലമായി വെള്ളായണി കാർഷിക കോളേജിന്റെ വക നെൽപ്പാടങ്ങൾ നികത്തി കൃഷി ചെയ്തിരുന്ന തെങ്ങിൻ തൈകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ നഷ്ടപ്പെട്ട തൈകളുടെ എണ്ണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 350 എണ്ണം

കാറ്റ്വീഴ്ചമൂലം നശിച്ചുകൊണ്ടിരിക്കുന്ന തെങ്ങുകൾ

1234. [1677] ശ്രീ. പി. സി. ജോർജ് :

,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റുവീഴ്ചമൂലം നശിച്ചുകൊണ്ടിരിക്കുന്ന തെങ്ങുകൾ പുനരുദ്ധരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) കഴിഞ്ഞവർഷം കേടുവന്ന എത്ര തെങ്ങുകൾ സഹായധനത്തോടെ വെട്ടിമാറ്റി ?

ഉത്തരം

(എ) കാറ്റു വീഴ്ച രോഗം ബാധിച്ച തെങ്ങുകളെ പുനരുദ്ധരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

1. തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി.
2. ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും
3. സങ്കരയിനം തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും
4. രോഗം ബാധിച്ച തെങ്ങുകൾ സഹായധനം നൽകി വെട്ടിമാറ്റുന്ന പദ്ധതി.

(ബി) 1984-85 ൽ ആറു ജില്ലകളിലായി 102000 തെങ്ങുകൾ വെട്ടിമാറ്റി.

ARECANUT CULTIVATION

1235. [1678] Dr. A. Subba Rao : will the Minister for Agriculture be pleased to State :

The total area under arecanut cultivation and the production of arecanut district-wise during the last ten years ending 31-3-1985.

Answer

District-wise area and Production of arecanut in Kerala from 1974-75 to 1983-84 are furnished in the statement enclosed†. The details for the year 1984-85 are not available now.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly